## പതിനാലാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3945 — 12/12/2018-ൽ മറുപടിക്ക്

## ഇ-ആരോഗ്യ പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.കെ.സി.ജോസഫ്** | **ശ്രീമതി. കെ.കെ. ശൈലജ ടീച്ചർ**<br>(ആരോഗ്യവും സാമൂഹ്യനീതിയും വനിതാ ശിശു വികസനവും വകുപ്പുമന്ത്രി) |
| ജീവിതശൈലീ രോഗങ്ങൾക്ക് പ്രധാന കാരണം അനാരോഗ്യകരമായ ഭക്ഷണശൈലിയും, വ്യായാമക്കുറവും ആണെന്ന വസ്തുത പരിഗണിച്ച് ഇക്കാര്യത്തിലുള്ള അവബോധം സ്കൂൾ തലത്തിൽ തന്നെ നൽകുന്നതിന് നടപടി കൈക്കൊള്ളുമോ? | ജീവിതശൈലീ രോഗങ്ങൾ നിയന്ത്രിക്കുന്നതിനും നിർണ്ണയിക്കുന്നതിനും ചികിത്സിച്ച് ഭേദമാക്കുന്നതിനും സംസ്ഥാന സർക്കാർ നടപ്പിലാക്കി വരുന്ന പദ്ധതിയാണ് 'അമൃതം ആരോഗ്യം' എന്ന സംസ്ഥാന ജീവിതശൈലി രോഗനിയന്ത്രണ പദ്ധതി. ചിട്ടയായ വ്യായാമം, ആരോഗ്യകരമായ ഭക്ഷണരീതി, ലഹരിയോടുള്ള ആസക്തി എന്നിവയെക്കുറിച്ചുള്ള ആരോഗ്യ ബോധവത്ക്കരണം, ജീവിതശൈലി രോഗങ്ങൾ മുൻകൂട്ടി കണ്ടെത്തുന്നതിനുള്ള സ്ക്രീനിംഗ് പദ്ധതി, കണ്ടെത്തിയവർക്ക് പ്രോട്ടോക്കോളിന്റെ അടിസ്ഥാനത്തിലുള്ള ചികിത്സയും സൗജന്യ മരുന്ന വിതരണവും എന്നിവയാണ് ഈ പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ. സ്കൂൾ എൻ.എസ്.എസ് യൂണിറ്റുമായി സഹകരിച്ചുകൊണ്ട് ആരോഗ്യ ബോധവത്ക്കരണം ശക്തിപ്പെടുത്തുന്നതിനുള്ള പദ്ധതി ഈ സാമ്പത്തിക വർഷം നടപ്പാക്കുന്നതിന് ആരോഗ്യ വകുപ്പ് നടപടി സ്വീകരിച്ചു വരുന്നു. സ്കൂൾ കുട്ടികൾക്കായി ലൈഫ് സ്റ്റൈൽ ഡിസീസസ് ആന്റ് അവെയർനസ് പ്രോഗ്രാം എന്ന പദ്ധതി നടപ്പിലാക്കി വന്നിരുന്നു. ഇത് ഇപ്പോൾ സ്കൂൾ ആരോഗ്യ പദ്ധതിയുമായി സംയോജിപ്പിച്ചു നടപ്പിലാക്കി വരുന്നു. |

സെക്ഷൻ ഓഫീസർ